CCM( 3) 2013-14

# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതി

**08.05.2013-ൽ കൂടിയ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്**

യോഗം രാവിലെ 8.00ന് ബഹു. ഗ്രാമവികസന വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സെക്രട്ടറിയേറ്റിലെ മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ആരംഭിച്ചു. ബഹു. പഞ്ചായത്ത് വകുപ്പുമന്ത്രിയും ബഹു. നഗരകാര്യവകുപ്പുമന്ത്രിയും സന്നിഹിതരായിരുന്നു.

1. സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 18.04.2013-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

**2. പൊതുവിഷയങ്ങൾ**

2.1 2013-14 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 1102 തദ്ദേശഭരണ സ്ഥാപനങ്ങളിലായി ഇതുവരെ 37530 പ്രോജക്ടുകളുടെ ഡാറ്റാഎൻട്രി നടത്തിയിട്ടുണ്ട്. ഇവയുടെ മൊത്തം അടങ്കൽ 2297 കോടി രൂപയാണ്. വിവിധ തലങ്ങളിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ എണ്ണവും പ്രോജക്ടുകളുടെ എണ്ണവും അടങ്കൽ തുകയും ഇപ്രകാരമാണ്.

| | | | | | |
|---|---|---|---|---|---|
| 12 ജില്ലാ പഞ്ചായത്ത് | - | 1354 പ്രോജക്ട് | | - | 223 കോടി രൂപ |
| 133 ബ്ലോക്ക് പഞ്ചായത്ത് | - | 3295 | ” | - | 644 ” |
| 907 ഗ്രാമപഞ്ചായത്ത് | - | 30724 | ” | - | 1255 ” |
| 48 മുനിസിപ്പാലിറ്റി | - | 2131 | ” | - | 191 ” |
| 2 കോർപ്പറേഷൻ | - | 26 | ” | - | 3.31 ” |

2.2. പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിയിലെ രണ്ടാം വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട ആസൂത്രണ നടപടിക്രമങ്ങൾ ആദ്യവർഷം തന്നെ പാലിച്ചിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം അവ ആവർത്തിക്കേണ്ടതില്ല എന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു. എന്നാൽ ഏതെങ്കിലും പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുകയാണെങ്കിൽ പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിയുടെ മാർഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. 09.04.2013-ലെ സ.ഉ.നം.146/2013/തസ്വഭവ ഉത്തരവിലെ 3.8.2 ഖണ്ഡികയെ സംബന്ധിച്ച് ഇപ്പറഞ്ഞ സ്പഷ്ടീകരണം നൽകേണ്ടതാണെന്നും തീരുമാനിച്ചു.

2.3 2013-14 ലെ പുതിയ പ്രോജക്ടുകളും സ്പിൽഓവർ പ്രോജക്ടുകളും സുലേഖ സോഫ്ട്വെയർ ആപ്ലിക്കേഷനിൽ രേഖപ്പെടുത്തുന്ന മുറയ്ക്ക് സ്പിൽഓവർ പ്രോജക്ടുകളുടെയും അംഗീകാരം ലഭിച്ച പുതിയ പ്രോജക്ടുകളുടെയും പദ്ധതി ചെലവ് നിർവഹിക്കാൻ കഴിയുമെങ്കിലും സുലേഖയിലെ സൂക്ഷ്മമേഖലാ കോഡുകൾ മാറിയതിനാൽ സാംഖ്യ - സുലേഖ ഉദ്ഗ്രഥന മോഡ്യൂൾ സാംഖ്യയിൽ തയ്യാറാക്കി സ്ഥാപിക്കേണ്ടതുണ്ട്. ആ പ്രവർത്തനം പൂർത്തീകരിക്കുന്നതുവരെയുള്ള കാലയളവിൽ റിക്വിസിഷൻ, അലോട്ട്മെന്റ്, പ്രൊസീഡിംഗ്സ്, ബില്ലുകൾ തുടങ്ങിയവ കൈകൊണ്ട് എഴുതി തയ്യാറാക്കി പദ്ധതി ചെലവ് നിർവഹിക്കാൻ അനുവദിച്ച് തീരുമാനിച്ചു. പിന്നീട് ഈ ചെലവുകൾ സാംഖ്യയിൽ ഉൾപ്പെടുത്തേണ്ടവയാണ്.

സാംഖ്യ സോഫ്ട്‌വെയറിൽ പദ്ധതി ചെലവുകൾ രേഖപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് സംഭവിച്ചുപോയ പിഴവുകൾ കാരണം 2012-13 ലെ പദ്ധതി ചെലവുകൾ പൂർണ്ണമാക്കുന്നതിന് ചില തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇതുവരെയും സാദ്ധ്യമാകാതിരിക്കുന്ന സാഹചര്യം കോഓർഡിനേഷൻ കമ്മിറ്റി പരിഗണിച്ചു. ഈ സാഹചര്യത്തിൽ പിഴവുകൾ പരിഹരിച്ച് ശരിയായ രീതിയിൽ ചെലവുകൾ സുലേഖ സോഫ്ട് വെയറിൽ നേരിട്ടു രേഖപ്പെടുത്തി 2012-13-ലെ കണക്കുകൾ പൂർണമാക്കാൻ തീരുമാനിച്ചു. മേൽ കണക്കുകൾ ശരിയാക്കുന്നതിനുവേണ്ടി ആവശ്യമെങ്കിൽ പ്രോജക്ടുകൾ ഭേദഗതി ചെയ്യുന്നതിനുള്ള അനുവാദം ഡി.പി.സി. നൽകേണ്ടതാണ്.

3. **പ്രത്യേക വിഷയങ്ങൾ**

**3.1 വടവുകോട് ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം 24295/ഡി.ഡി.2/13/തസ്വഭവ) തീയതി.09.05.2013**

പഞ്ചാത്തല മേഖലാ പ്രോജക്ടുകൾ സ്പിൽഓവറായി ഉൾപ്പെടുത്തുന്നതിന് അനുവാദം നൽകേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 കിഴക്കോത്ത് ഗ്രാമ പഞ്ചായത്ത് (ഫയൽ നം.201093/എഫ്.എം.2/13/തസ്വഭവ) (ബഹു. കൊടുവള്ളി എം.എൽ.എ ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ മുഖേന സമർപ്പിച്ചത്)തീയതി.09.05.2013**

കൊടുവള്ളി നിയോജകമണ്ഡലത്തിന്റെ പരിധിയിൽ വരുന്ന തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് പരമാവധി 5 ലക്ഷം രൂപവരെ തനതുഫണ്ടിൽ നിന്ന് സംഭാവന സ്വീകരിക്കാൻ യഥേഷ്ടാനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 വടകര ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 24405/ഡി.ഡി2/13/തസ്വഭവ) തീയതി.09.05.2013**

പ്രോജക്ട് ഡി.പി.സി.യിൽ സമർപ്പിക്കാൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 എൻഡോ സൽഫാൻ ബാധിതരുടെ പുനരധിവാസം - കാസറഗോഡ് ജില്ലാതല ഉത്ഘാടന ചെലവ് (ഫയൽ നം. 22624/ഡി.ഡി1/13/തസ്വഭവ) തീയതി.09.05.2013**

എൻഡോ സൾഫാൻ ബാധിത പഞ്ചായത്തുകളിൽ നിന്ന് പതിനായിരം രൂപയിൽ കൂടുതലല്ലാത്ത തുക സ്വീകരിക്കാൻ അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 നാറാത്ത് ഗ്രാമപഞ്ചായത്ത് (ഫയൽ നം. 24733/എഫ്.എം.3/13/തസ്വഭവ) തീയതി.09.05.2013**

എസ്റ്റിമേറ്റ് റിവിഷൻ പ്രകാരമുള്ള അധിക തുക അടയ്ക്കാൻ അനുമതി നൽകി തീരുമാനിച്ചു. കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് വാട്ടർ അതോറിട്ടിക്ക് തുക ഡെപ്പോസിറ്റ് ചെയ്ത തദ്ദേശഭരണ സ്ഥാപനങ്ങൾ എസ്റ്റിമേറ്റ് റിവൈസ് ചെയ്തതിന്റെ അടിസ്ഥാനത്തിൽ അധിക തുക അടയ്ക്കേണ്ടി വരികയാണെങ്കിൽ ആയത് അടയ്ക്കുന്നതിനും, ഭാവിയിൽ ഇപ്രകാരം ഡെപ്പോസിറ്റ് ചെയ്യേണ്ടി വരുന്ന സാഹചര്യങ്ങളിൽ എസ്റ്റിമേറ്റ് അടിസ്ഥാനത്തിലുള്ള എഗ്രിമെന്റ് പ്രകാരം മാത്രമേ ഡെപ്പോസിറ്റ് ചെയ്യാവൂ എന്ന് നിഷ്കർഷിച്ചും ഒരു പൊതു ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണെന്നും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്  തീയതി.09.05.2013**
**(ഫയൽ നം. 25262/ഡി.ഡി.2/13/തസ്വഭവ)**

.ജനറൽ പർപ്പസ് ഫണ്ടിൽ നിന്ന് ബഹു. കേരള ഹൈക്കോടതി ഉത്തരവ് പ്രകാരം തുക നൽകുന്നതിന് അനുമതി നൽകി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 മുഖത്തല ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 25247/1/ഡി.ഡി.2 /13/തസ്വഭവ) . തീയതി.09.05.2013**

പ്രോജക്ടിന്റെ അടങ്കൽ തുകയുടെ പരിധി സംബന്ധിച്ച മാർഗരേഖയിലെ വ്യവസ്ഥയ്ക്ക് ഭേദഗതി വരുത്തേണ്ടതില്ലെന്ന് തീരുമാനിച്ചു. മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിന്റെ അറ്റകുറ്റപ്പണി നടത്തുന്നതിന് നിലവിൽ ഉത്തരവുള്ളതാണെന്ന് നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 25555/ഡി.ഡി.2 /13/തസ്വഭവ) തീയതി.09.05.2013**

മെയിന്റനൻസ് ഗ്രാന്റും വികസനഫണ്ടും വകമാറി ചെലവഴിച്ച വിഷയത്തിൽ സാധൂകരണം നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 ഭവന നിർമ്മാണ ധനസഹായത്തിനുള്ള അപേക്ഷ**
**(ബഹു. ഹരിപ്പാട് എം.എൽ.എ. ശ്രീ. രമേശ് ചെന്നിത്തല മുഖേന)**
**(ഫയൽ നം. 13685/ഡി.ബി1 /13/തസ്വഭവ) തീയതി.09.05.2013**

ഇരുപത്തി അയ്യായിരം രൂപ വരെ വാർഷിക വരുമാനമുള്ളവർക്കും തദ്ദേശഭരണ സ്ഥാപനങ്ങളുടെ ബി.പി.എൽ. ലിസ്റ്റിലുള്ളവർക്കും നിലവിൽ ആനുകൂല്യം ലഭിക്കുന്നുണ്ട്. എന്നാൽ നാമമാത്രമായ പെൻഷൻ ലഭിക്കുന്നവരെ സഹായ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുമില്ല. അവരെ ഉൾപ്പെടുത്തുകയും അൻപതിനായിരം രൂപവരെ വാർഷിക വരുമാന മുള്ളവരെ ബി.പി.എൽ ആയി കണക്കാക്കി സഹായം നൽകുന്നതിന് സബ്സിഡി മാനദണ്ഡങ്ങളിൽ ആവശ്യമായ മാറ്റം വരുത്തുന്നതിന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 പദ്ധതി രൂപീകരണം സംബന്ധിച്ച സംസ്ഥാനതല അപ്പീൽ കമ്മിറ്റി**
**(ഫയൽ നം. 26040/ഡി.എ1 /13/തസ്വഭവ)**

കോഓർഡിനേഷൻ കമ്മിറ്റിയുടെ നിലവിലുള്ള സബ് കമ്മിറ്റിയിൽ ഗ്രാമവികസന കമ്മീഷണർ, നഗരകാര്യ ഡയറക്ടർ എന്നിവരെക്കൂടി ഉൾപ്പെടുത്തി സംസ്ഥാനതല അപ്പീൽ കമ്മിറ്റിയായി പ്രവർത്തനം നടത്താൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം25791/ഡി.ഡി.2/13/തസ്വഭവ)**
**(ബഹു.കുറ്റ്യാടി എം.എൽ.എ ശ്രീമതി കെ.കെ. ലതിക മുഖേന സമർപ്പിച്ചത്) തീയതി.09.05.2013**

എഗ്രിമെന്റ് വച്ച് പാടശേഖര സമിതികൾക്ക് കാർഷിക ആവശ്യങ്ങൾക്കായി യന്ത്രസാമഗ്രികൾ നൽകേണ്ടതാണെന്നും എന്നാൽ അവയുടെ മേൽനോട്ടവും ഉടമസ്ഥതയും ബ്ലോക്ക് പഞ്ചായത്തിനായിരിക്കണ മെന്നുമുള്ള വ്യവസ്ഥയിൽ പ്രോജക്ടിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 നടത്തറ ഗ്രാമപഞ്ചായത്ത് (ഫയൽ നം.15193/എഫ്.എം.1/13/തസ്വഭവ)**
**തീയതി.09.05.2013**

ഗ്രാമപഞ്ചായത്തിന്റെ ആവശ്യം ഇപ്പോൾ പ്രസക്തമല്ലാത്തതിനാൽ പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്ത്**
**(ഫയൽനം.25902/ഡി.ഡി.2/13/തസ്വഭവ) തീയതി.09.05.2013**

അനെർട്ടിന്റെ അംഗീകൃത ഏജൻസികളിൽ നിന്ന് അനെർട്ടിന്റെ നിരക്കിൽ വാങ്ങി സ്ഥാപിക്കേണ്ടതാണ് എന്ന വ്യവസ്ഥയിൽ സോളാർ പാനലുകൾ സ്ഥാപിക്കുന്നതിന് മെയിന്റനൻസ് ഫണ്ട് ഉപയോഗിക്കാൻ അനുമതി നൽകി തീരുമാനിച്ചു. ഇത് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ബാധകമാകുന്ന തരത്തിൽ പൊതു ഉത്തരവായി പുറപ്പെടുവിക്കാനും തീരുമാനിച്ചു.

അന്യ സംസ്ഥാനങ്ങളിലെ പൊതു മാർക്കറ്റുകളിൽ നിന്നും പർച്ചേസ് കമ്മിറ്റി മുഖേന ഉരുക്കളെ വാങ്ങുമ്പോൾ അവിടങ്ങളിലെ വിൽപ്പനക്കാരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് തുക ട്രാൻസ്ഫർ ചെയ്ത് നൽകാൻ അനുമതി നൽകി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 വേങ്ങര ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.38663/ഡി.ഡി3/12/തസ്വഭവ)**
**തീയതി.09.05.2013**

പെർഫോർമൻസ് ഓഡിറ്റിന് മറുപടി നൽകി പ്രാദേശികമായി പരിഹരിക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 കൊച്ചി നഗരസഭ (ഫയൽ നം.48633/ഡി.സി3/12) തീയതി.09.05.2013**

റോഡു പ്രവത്തികളുടെ പുതുക്കിയ എസ്റ്റിമേറ്റ് എടുക്കുകയോ സാങ്കേതിക അനുമതി ലഭ്യമാക്കുകയോ ചെയ്തിട്ടുണ്ടോ എന്നും ബിറ്റുമിൻ വാങ്ങിയതിന് ബില്ലുകൾ ലഭ്യമാണോ എന്നും മറ്റുമുള്ള റിപ്പോർട്ട് ലഭ്യമാക്കാൻ ആവശ്യപ്പെട്ടു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 മംഗൽപ്പാടി ഗ്രാമപഞ്ചായത്ത് (ഫയൽ നം.26005/എഫ്.എം.1/13)**
**തീയതി.09.05.2013**

പഞ്ചായത്തിന്റെ ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 അംഗൻവാടി കെട്ടിട നിർമ്മാണം സംബന്ധിച്ച്**
**(ഫയൽ നം.7717/ഡി.ഡി.1/13) തീയതി.09.05.2013**

അംഗൻവാടി കെട്ടിട നിർമ്മാണത്തിന് ഏഴ് ലക്ഷം രൂപയിൽ അധികരിക്കുന്ന തുക ബന്ധപ്പെട്ട പഞ്ചായത്ത് വഹിക്കുന്നതിനും കെട്ടിട നിർമ്മാണം ഉത്തരവ് നൽകുന്ന തീയതി മുതൽ 10 മാസത്തിനകം പൂർത്തീകരിക്കുന്നതിനും നിർദ്ദേശം നൽകി പൊതു ഉത്തരവ് പുറപ്പെടുവിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.18 മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.23726/ഡി.ഡി.2/13)**

**തീയതി.09.05.2013**

വിഷയം ഗ്രാമവികസന കമ്മീഷണർ പരിശോധിച്ച് ഉചിത നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.19 ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.25463/ഡി.ഡി.2/13)**

**തീയതി.09.05.2013**

ക്ഷീര സംഘങ്ങൾക്ക് പാൽ ശേഖരണത്തിന് വാഹനം വാങ്ങുന്നത് സംബന്ധിച്ച് 18.04.2013-ലെ കോഓർഡിനേഷൻ കമ്മിറ്റിയുടെ ഇനം3.23 തീരുമാനം പാലിക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.20 തദ്ദേശഭരണ വകുപ്പിലെ റോഡ് റോളറുകൾ**

**(ഫയൽ നം.77934/ഡി.ഡി.2/13) തീയതി.09.05.2013**

ഉപയോഗയോഗ്യമായ റോഡ് റോളറുകളുടെ കണക്ക് ലഭ്യമാക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.21 ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.23986/ഡി.ഡി.2/13)**

**തീയതി.09.05.2013**

ഓഡിറ്റ് തടസ്സത്തിന് സാധൂകരണം നൽകേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.22 കുന്നംകളം നഗരസഭ (തീയതി.09.05.2013)**

കെട്ടിടങ്ങളുടെ നികുതി ഏകീകരണത്തിനായി കെട്ടിടങ്ങൾക്ക് നമ്പർ നൽകുന്നതിന് ചെലവ് തനത് ഫണ്ടിൽ നിന്ന് വഹിക്കേണ്ടതാണെന്ന വ്യവസ്ഥയിൽ ഒരു മാസത്തേയ്ക്ക് ദിവസ വേതനാടിസ്ഥാനത്തിൽ പത്ത് ആളുകളെ നിയോഗിക്കാൻ അനുമതി നൽകി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.23 എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ അപേക്ഷ**

**(തീയതി.09.05.2013)**

എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ജില്ലാ-മേഖലാ ഓഫീസുകളിൽ കമ്പ്യൂട്ടറും, ഓൺലൈൻ സംവിധാനവും സ്ഥാപിക്കുന്നതിന് ജില്ലാ പഞ്ചായത്തുകൾ തയ്യാറാക്കുന്ന പ്രോജക്ടുകൾക്ക് അനുമതി നൽകാൻ തീരുമാനിച്ചു.

ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകൾ നടപ്പിലാക്കുന്ന ജില്ലാ പഞ്ചായത്ത് പ്രവൃത്തികളുടെ മേൽനോട്ടം നിലവിലെ പോലെ എൽ.എസ്.ജി.ഡി. എഞ്ചിനീയർ തുടരുന്നതിന് തീരുമാനിച്ചു.

**(യോഗം 9.15-ന് അവസാനിച്ചു)**